# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2052 08.03.2018- ൽ മറുപടിക്ക്**

**വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരാരംഭിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ആലംകോട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്നതും ജപ്തി ഭീഷണി നേരിട്ടതുമായ 'വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം' പ്രവർത്തനം പുനരാരംഭിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്;വിശദമാക്കുമോ? | (എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിൽ 04.01.2018 ൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണ സമിതി രൂപീകരിക്കുകയും ഭരണസമിതി യുടെ 27.02.2018 ൽ കൂടിയ യോഗം സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുകയുമുണ്ടായി. ആയതി ന്മേൽ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് സംഘത്തിന്റെ വൈദ്യുതി കുടിശ്ശികയിൽ എത്ര രൂപ അടച്ചാൽ വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കാൻ കഴിയും എന്നതിനെപ്പറ്റി അന്വേഷിക്കുന്നതിനായി സംഘം സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതു പോലെ സംഘം വർക്ക്ഷെഡിന്റെയും ഓഫീസ് മുറിയുടെയും അറ്റകുറ്റപ്പണികൾ നടത്തി പെയിന്റ് ചെയ്യുന്നതിനും വൈദ്യുതീകരണത്തിനും സംഘ ത്തിന്റെ വസ്തുവിലുള്ള കിണർ വൃത്തിയാക്കു ന്നതിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അംഗീകൃത എഞ്ചിനിയറുമായി സംസാരിച്ചതിന്റെ വെളിച്ചത്തിൽ ഉടനടി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ വിവരിച്ച നടപടികൾ അടിയന്തിരമായി സ്വീകരിച്ച് സംഘത്തിന്റെ പ്രവർത്തനം 2018 മേയ് മാസം പുനരാരംഭിക്കു ന്നതിന് ആവശ്യമായ ധനവിവരം കാണിച്ചു കൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് സംഘം ഭരണസമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ